22

# “ഞാനോ നിങ്ങളോടു പറയുന്നു”

## (ഗിരിപ്രഭാഷണം, 1)

***വായനാ ഭാഗം #8***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

F. ഗിരിപ്രഭാഷണം.

1. ആമുഖ പ്രസ്താവനകൾ (മത്താ. 5:1, 2; ലൂക്കൊ. 6:17–20).
2. മനോഗുണങ്ങൾ: മശിഹയുടെ പ്രജകളോടുള്ള വാഗ്ദാനങ്ങൾ (മത്താ. 5:3–12; ലൂക്കൊ. 6:20–26).
3. മശിഹയുടെ പ്രജകൾക്കുള്ള സ്വാധീനം (കൂടാതെ ഉത്തരവാദിത്വങ്ങളും) (മത്താ. 5:13–16).
4. മശിഹയുടെ ഉപദേശങ്ങൾക്ക് പഴയനിയമത്തോടും – പഴയ നിയമോപദേശത്തെ സംബന്ധിച്ചുള്ള മനുഷ്യരുടെ സമ്പ്രദായ ങ്ങളോടുമുള്ള ബന്ധം (മത്താ. 5:17–48; ലൂക്കൊ. 6:27–30, 32–36).
5. മതപരമായ പ്രവൃത്തികൾ കാണിക്കേണ്ടതിനല്ല, ഹൃദയത്തിൽനിന്നാണ് വരേണ്ടത് (മത്താ. 6:1–18).

**മുഖവുര**

നമ്മുടെ കഴിഞ്ഞ പാഠം അവസാനിച്ചപ്പോൾ, തന്റെ മരണശേഷം അവന്റെ പ്രവൃത്തികൾ തുടരുവാൻ ആളുകളെ യേശു തിരഞ്ഞെടുത്തിരുന്നതായി കണ്ടു. മശിഹാ രാജ്യത്തിൽ പൗരന്മാരായി തീരുവാൻ ആഗ്രഹിക്കുന്നവരിൽ എന്തു പ്രതീക്ഷിക്കണം എന്നതിനെ കുറിച്ചു പ്രസംഗം നടത്തുവാൻ അവരെ ഒരുക്കുകയായിരുന്നു അവന്റെ ആദ്യത്തെ പ്രവൃത്തി. അതിനെ നാം അറിയുന്നത് “ഗിരിപ്രഭാഷണം” എന്നാണ്.

ആ മഹത്തായ അവതരണം കേൾക്കുവാൻ പലർക്കും അവസരം ലഭിച്ചിരുന്നു (മത്തായി 5:1; 7:28; ലൂക്കൊസ് 6:17; 7:1), എന്നാൽ അത് പ്രത്യേകമായി യേശുവിന്റെ ശിഷ്യന്മാർക്കുള്ളതായിരുന്നു (മത്തായി 5:1, 2; ലൂക്കൊസ് 6:20). പുതുതായി നിയമിക്കപ്പെട്ട അപ്പൊസ്തലന്മാർക്ക് വേണ്ട നവീകരണഭാഗമായിട്ട് നമുക്ക് ഇതിനെ കരുതാം.

രാജ്യത്തിലെ പൗരന്മാർ ആയി *തീരുവാൻ* ആവശ്യമായ മനോഭാവത്തിൽ ആ പ്രസംഗം സ്പർശിക്കുന്നു (നോക്കുക മത്തായി 5:3–6; 6:33; 7:21, 24–27). പ്രാഥമികമായിട്ടാണെങ്കിലും, യേശുവിന്റെ ശിഷ്യനായി *തീർന്ന* ഒരു വ്യക്തി, എങ്ങനെ പെരുമാറണം എന്നതിനെ കുറിച്ചാണ് അതിൽ പറയുന്നത്.

ആ പ്രസംഗം നിങ്ങൾ പഠിക്കുമ്പോൾ, യേശു സംബോധന ചെയ്യുന്നത് യെഹൂദന്മാരുടെ കാലക്രമത്തിലുള്ള യെഹൂദ സദസ്യരോടായിരുന്നു എന്നതു മനസ്സിലാക്കുക. അവൻ അങ്ങനെ പറഞ്ഞത് യെഹൂദന്മാരുടെ പരമോന്നത കോടതിയെയും (ന്യായാധിപസഭ) (മത്തായി 5:22), യാഗപീഠത്തിൽ യാഗം അർപ്പിക്കുന്നവരെയും (മത്തായി 5:23), "[ദൈവ] ത്തിന്റെ നഗരം" എന്നു യെരുശലേമിനെയും സൂചിപ്പിച്ചുകൊണ്ടാണ് (മത്തായി 5:35). എങ്ങനെയായാലും, യേശുവിന്റെ പുതിയ നിയമഭാഗത്ത് ആ വാക്കുകൾ സൂക്ഷിച്ചിരിക്കുന്നു; അതുകൊണ്ടു അവ പ്രായോഗികമാക്കുമ്പോൾ, ക്രിസ്തീയ ആശയങ്ങളോടുള്ള സങ്കേതഭാഷ നാം പകർത്തേണ്ടത് ആവശ്യമാണ്. (ഉദാഹരണത്തിന്, "നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ" [5:23] എന്നത് "നിങ്ങൾ ദൈവത്തെ ആരാധിക്കുവാൻ കൂടി വരുമ്പോൾ" എന്ന ആശയത്തെ തന്നെയാണ് പറയുന്നത്.)

ആ പ്രസംഗത്തിന്റെ ഏറ്റവും നന്നായി അറിയപ്പെടുന്ന വിവരണഭാഗം കാണാവുന്നത് മത്തായി 5–7 ലാണ്, എന്നാൽ ഏറ്റവും ചെറിയ ഒരു വിവരണഭാഗം ലൂക്കൊസ് 6:20–49 ൽ വരുന്നുണ്ട്. രണ്ട് വിവരണങ്ങളിലും വ്യത്യാസങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, മത്തായിയിൽ 107 വാക്യങ്ങൾ ഉണ്ടാകുമ്പോൾ ലൂക്കൊസിൽ 30 വാക്യങ്ങളാണ് ഉള്ളത്, വാക്കുകൾക്കും പല സ്ഥലങ്ങളിലും മാറ്റമുണ്ട്. ആ പ്രത്യേക മാറ്റങ്ങൾ എന്നെ വിചാരപ്പെടുത്തുന്നില്ല. ഒരേ പാഠത്തെ[1] കുറിച്ചു ചെറിയ വിവരണം ലൂക്കൊസും നീണ്ട വിവരണം മത്തായിയും നൽകുന്നു എന്നു കാണാം – വ്യക്തിപരമായ സാക്ഷ്യങ്ങൾ[2] ആയതുകൊണ്ടു വാക്കുകളിൽ ചെറിയ മാറ്റങ്ങൾ പ്രതീക്ഷിക്കാം. (ലൂക്കൊസും മത്തായിയും പറഞ്ഞത് യേശു പറഞ്ഞതിന്റെ ചുരുക്കമാണ്, അല്ലാതെ പറഞ്ഞതായ[3] ഓരോ വാക്കുമല്ല എന്ന കാര്യം മിക്കവരും സമ്മതിക്കുന്നു.)

മത്തായി എഴുതിയിരിക്കുന്നതിൽ, യേശു ഉപദേശിക്കുന്നതിനുമുൻപ് "മലയിലേക്ക് കയറിപോവുകയും" "ഇരിക്കുകയും" ചെയ്ത തായി പറയുന്നത് (മത്തായി 5:1), മിക്ക വിദ്യാർത്ഥികളെയും കൂടുതൽ വിചാരപ്പെടുത്തുന്ന ഒന്നാണ്. അതിനു വ്യത്യസ്തമായി, ലൂക്കൊസ് എഴുതി, യേശുവിന്റെ ഉപദേശത്തിന് മുൻപ്, അവൻ "സമഭൂമിയിൽ നിന്നു" എന്നാണ് (ലൂക്കൊസ് 6:17). എങ്ങനെയായാലും, രണ്ടും യോജിപ്പിക്കുവാൻ, പ്രയാസമില്ല. യേശു മലയുടെ താഴെയുള്ള സമഭൂമിയിൽ നിന്നപ്പോൾ ആദ്യം അവൻ പുരുഷാരത്തെ സൗഖ്യമാക്കിയിരിക്കാം (ലൂക്കൊസ് 6:12, 17–19), പിന്നെ അവൻ കുറച്ചുദൂരം മുകളിലേക്കു വാങ്ങിപോയി ശിഷ്യന്മാരെ ഉപദേശിക്കുവാൻ മലപ്രദേശത്ത് ഇരുന്നിരിക്കാം – പുരുഷാരം അവനെ കേൾക്കുന്ന ദൂരത്തിൽ അവിടെ ഉണ്ടായിരുന്നു. ജെറോം പറഞ്ഞതനുസരിച്ച് (ഒരു പ്രാരംഭ ക്രിസ്തീയ എഴുത്തുകാരൻ), അയാളുടെ കാലത്ത് ഹോൺസ് ഓഫ് ഹാറ്റിൻ[4] എന്ന മലയിൽവെച്ചാണ് പ്രസംഗം നടത്തിയിരുന്നത് എന്നു പൊതുവായി കരുതിയിരുന്നു, അവിടെ പുരുഷാരത്തിന് ഒന്നിച്ചുകൂടാവുന്ന സമഭൂമി ഉണ്ടായിരുന്നു.

മത്തായിയിലെയും ലൂക്കൊസിലെയും പ്രസംഗം ഒരേ രീതിയിൽ ആരംഭിക്കുന്നു എന്ന വസ്തുതയും (മത്തായി 5:3–12; ലൂക്കൊസ് 6:20–23), ഒരേ രീതിയിൽ അവസാനിക്കുന്നു എന്ന വസ്തുതയും (മത്തായി 7:24–27; ലൂക്കൊസ് 6:47–49), മദ്ധ്യഭാഗം[5] ഒരേരീതിയിലുള്ള പൊതുവായക്രമം പിന്തു

ടരുന്നു എന്ന വസ്തുതയും രണ്ടു പ്രസംഗവും ഒന്നുതന്നെ ആയിരിക്കുമെന്നു വിശ്വസിക്കുവാൻ എന്നെ ഇടയാക്കുന്നു. അങ്ങനെയാണെങ്കിലും അല്ലെങ്കിലും അതിനു വലിയ പ്രാധാന്യമില്ല. ആ പ്രസംഗങ്ങൾ ഒന്നുതന്നെ അല്ലെങ്കിൽ, അവ ഒരേ പോലെയുള്ളതും ഏതാണ്ട് ഒരേ കാലയളവിൽ[6] അടിസ്ഥാനപരമായി ഒരേ സദസ്യരോട്[7] പ്രസംഗിച്ചതും ആയിരുന്നു. അക്കാരണത്താൽ, അവ ഒരുമിച്ചു പഠിക്കാം – അതാണ് നാം ചെയ്യുവാൻ പോകുന്നത്.[8] മത്തായിയുടെ വിവരണം കൂടുതൽ അറിയപ്പെടുന്നതും മനസ്സിലാക്കാൻ എളുപ്പവുമായതുകൊണ്ട്, നാം മത്തായിയുടെ വിവരണത്തെ പ്രാഥമിക ഉറവിടമായും ലൂക്കൊസിന്റേത് അനുബന്ധ ഉറവിടമായും ഉപയോഗിക്കും.

ആ പ്രസംഗത്തിലുള്ള എല്ലാ വലിയ സത്യത്തെ കുറിച്ചും പരാമർശിക്കുവാനോ ഓരോ ആശയക്കുഴപ്പമുള്ള പ്രസ്താവനയെയും വിശദമാക്കുവാനോ നമുക്കു സാധ്യമല്ല. എങ്ങനെയായാലും, ഈ പാഠത്തിലും അടുത്തതിലും, ഈ യോജിപ്പില്ലാത്ത അവതരണത്തിന്റെ മൊത്തത്തിലുള്ള ലക്ഷ്യം കാണിക്കുവാൻ നാം ശ്രമിക്കുന്നതാണ്.

### "നിങ്ങൾ ഭാഗ്യവാന്മാർ ..."
### (മത്താ. 5:3-12; ലൂക്കൊ. 6:20-26)

പ്രസംഗം ആരംഭിക്കുന്നത് പ്രസ്താവനകളുടെ പരമ്പരയോടുകൂടിയാണ്, അവ ഓരോന്നും "ഭാഗ്യവാൻ" എന്ന വാക്കുമായി തുടങ്ങുന്നു. അവയെ "മനോഗുണങ്ങൾ" എന്നു പറഞ്ഞിരിക്കുന്നു. ബൈബിളിലെ ലാറ്റിൻ പരിഭാഷയിൽ നിന്നുവന്നിട്ടുള്ളതാണ് ആ പേര്, അതിൽ ഓരോ വാചകത്തിലെയും ആദ്യ വാക്ക് *ബീറ്റി* എന്നാണ്, അതു "ഭാഗ്യവാൻ" അല്ലെങ്കിൽ "സന്തോഷവാൻ" എന്നതിനുള്ള ലാറ്റിൻ വാക്കാണ്.

ഗിരിപ്രഭാഷണം വായിക്കുന്ന ഏതൊരാൾക്കും, യേശുവിനെ പിൻപറ്റുന്നത് അത്ര എളുപ്പമല്ല എന്നു വ്യക്തമാകും (മത്തായി 5:10–12). അതുകൊണ്ടു ക്രിസ്തു പ്രോത്സാഹനം നൽകുന്ന വാക്കുകളോടെ ആരംഭി ക്കുന്നു, തന്റെ വാക്കുകൾ കേട്ടനുസരിച്ചാൽ ആളുകൾ എത്രത്തോളം അനുഗ്രഹീതരാകുമെന്ന് ക്രിസ്തു എണ്ണിപ്പറയുന്നു (7:24, 25 നോക്കുക). ഒരു പരിധിവരെ, വിശ്വസ്തരായ ശിഷ്യന്മാർ അവരുടെ ജീവിതത്തിൽ ആ ഭാഗ്യാവസ്ഥ ആസ്വദിക്കുന്നു, എന്നാൽ അവർ അതു പൂർണ്ണമായി തിരിച്ചറിയുന്നത് വരുവാനുള്ള ലോകത്തിലാണ്. ലൂക്കൊസിന്റെ വിവരണത്തിൽ യേശുവിന് കീഴ്പ്പെട്ടിരിക്കുവാൻ മനസ്സില്ലാത്തവർക്ക് സംഭവിക്കുവാനുള്ള *കഷ്ടതകൾ* ഉൾപ്പെടുന്നു (ലൂക്കൊസ് 6:24–26[9]).

### "നീ..." (മത്താ. 5:13-16)

യേശുവിനെ പിൻപറ്റുന്ന അനുയായികൾക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നു എന്നതാണ് മനോഗുണങ്ങൾ ഉറപ്പുനൽകുന്നത്. അവന്റെ ഇഷ്ടം ചെയ്താൽ അത് മറ്റുള്ളവരെയും ഭാഗ്യകരമാക്കും എന്നു ക്രിസ്തു പിന്നെ പറഞ്ഞു – അതു തന്റെ ശിഷ്യന്മാരെ കുറിച്ചു അവർ "ഭൂമിയുടെ ഉപ്പ്" ആകുന്നു എന്നും "ലോകത്തിന്റെ വെളിച്ചം" ആകുന്നു എന്നും പറഞ്ഞതു പോലെയാണ്. സ്വാധീനത്തിന്റെ പ്രാധാന്യത്തെയും ശക്തിയെയും പഠിപ്പിക്കുന്ന ധാരാളം വേദഭാഗങ്ങൾ ബൈബിളിലുണ്ട് (ഉദാഹരണമായി, സദൃശ

വാക്യം 27:17; ഹോശേയ 4:9; 1 കൊരിന്ത്യർ 5:6; 15:33; ഫിലിപ്പിയർ 2:15; 1 പത്രൊസ് 2:12), എന്നാൽ അവയൊന്നും മത്തായി 5:13–16[10] നേക്കാൾ വെല്ലു വിളി ഉയർത്തുന്നതും ചിന്തയെ–ഉണർത്തുന്നതും അല്ല.

## "നിങ്ങൾ കേട്ടിട്ടുണ്ടല്ലോ ..."
## (മത്താ. 5:17-48; ലൂക്കൊ. 6:27-30, 32-36)

ഗിരിപ്രഭാഷണത്തിലെ ദൈർഘ്യമേറിയ ഭാഗം മത്തായി 5:17–48 ആണ്, അതിൽ മോശെയുടെ ന്യായപ്രമാണവും – അതുമായി ബന്ധപ്പെട്ട മനുഷ്യ നിർമ്മിത സമ്പ്രദായങ്ങളും – യേശുവിന്റെ ഉപദേശവുമായി താരതമ്യപ്പെ ടുത്തി വ്യത്യാസം കാണിക്കുന്നു. ന്യായപ്രമാണത്തോടുള്ള അവന്റെ ബന്ധത്തെ കുറിച്ചും മനുഷ്യൻ ന്യായപ്രമാണത്തോട് ചേർത്തിട്ടുള്ള സമ്പ്ര ദായങ്ങളോടുള്ള അവന്റെ മനോഭാവത്തെ കുറിച്ചും ക്രിസ്തുവിന്റെ ശിഷ്യ ന്മാർ വ്യക്തമായും മനസ്സിലാക്കേണ്ടിയിരുന്നു.

ആമുഖ പ്രസ്താവന പ്രാധാന്യമുള്ളതാണ്. യേശു പറഞ്ഞു തുടങ്ങി,

> ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്ന തു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ, സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണ ത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞു പോകയില്ല (മത്തായി 5:17, 18).

ന്യായപ്രമാണത്തെ "നീക്കുവാനല്ല നിവർത്തിപ്പാനത്രെ" യേശു വന്നത് എന്ന വസ്തുത ഇന്നും നാം പഴയനിയമപ്രമാണത്തിൻ കീഴിലുള്ളവരാണ് എന്നു ചിലരെ തെറ്റിദ്ധരിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ക്രിസ്തുവിന്റെ വാക്കു കളുടെ ആ വിശദീകരണം ദൈവശ്വാസീയ അപ്പൊസ്തലന്മാർ അവനെ പഠിപ്പിച്ചതിൽനിന്ന് എതിരാക്കുന്നു. പൗലൊസ് യേശുവിനെ കുറിച്ചു എഴുതിയത് "ചട്ടങ്ങളും കല്പനകളുമായ ... ന്യായപ്രമാണം എന്ന ശത്രു ത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു, ഇരുപക്ഷത്തെയും [യെഹൂദന്മാരും ജാതികളും] തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാൻ" എന്നാണ് (എഫെസ്യർ 2:15). അപ്പൊസ്തലൻ പിന്നെ, ന്യായപ്രമാണത്തിന്റെ "ആജ്ഞകളെ" സംബന്ധിച്ചു പറയുന്നതു, യേശു ന്യായപ്രമാണത്തിന്റെ ചട്ടങ്ങളും വിധികളും, "ക്രൂശിൽ തറെച്ചു നീക്കിക്ക ളഞ്ഞു" എന്നാണ് (കൊലൊസ്യർ 2:14, 16).

പഴയ നിയമം യെഹൂദന്മാരും ദൈവവും തമ്മിൽ യോജിച്ചുള്ള ഒരു ഉട മ്പടിയായിരുന്നുവെന്ന് കണക്കിലെടുത്താൽ, മത്തായി 5:17, 18–ലെ ക്രിസ്തു വിന്റെ വാക്കുകൾ മനസ്സിലാക്കാൻ കഴിയും (നോക്കുക ആവർത്തനപു സ്തകം 4:13; 5:2, 3). ദൈവവും യിസ്രായേലും തമ്മിലുള്ള ഒരു *കരാർ* ആയി രുന്നു പഴയനിയമം എന്നു വിചാരിക്കുക. ആ കരാർ "നീക്കുവാൻ" അല്ല (അതിനു മാറ്റം വരുത്തുവാനോ നശിപ്പിപ്പാനോ അല്ല) എന്നാൽ അതിനെ "നിവർത്തിപ്പാൻ" ആണ് യേശു വന്നത്. അത് അവൻ തന്റെ ജീവിതത്താ ലും, മരണത്താലും, ഉയർത്തെഴുന്നേൽപ്പിനാലും സാദ്ധ്യമാക്കി. വിൽ എഡ് വാരെൻ എഴുതി, "അവൻ അതിലെ പ്രവചനങ്ങൾ നിറവേറ്റി, ന്യായപ്രമാണ

കൽപനകൾ പ്രമാണിക്കുകയും, ന്യായപ്രമാണത്തിലെ ഉദ്ദേശങ്ങൾ നിറവേറ്റുകയും ചെയ്തു (ഗലാത്യർ 3:19; 5:14)."[11]

നിറവേറ്റിയ കൽപന/ഉടമ്പടി പിന്നെയും ബാധകമായി പാലിക്കേണ്ട കൽപന/ഉടമ്പടി ആകുന്നില്ല. ഉദാഹരണത്തിന്, നിങ്ങൾ കുറച്ചു ഭൂമി വാങ്ങുന്നതിനെ സംബന്ധിച്ചു ഒരു കരാറിൽ ഒപ്പിടുമ്പോൾ എന്താണ് സംഭവിക്കുന്നതു എന്നു നോക്കുക. ആ കരാറിലെ വ്യവസ്ഥകൾ എല്ലാം പാലിച്ചുകൊണ്ടു നിങ്ങൾ അതു നിറവേറി കഴിഞ്ഞാൽ (അതിനുള്ള വില എല്ലാം കൊടുത്തുതീർക്കുന്നതടക്കം), അത് *നിറവേറ്റിയ* ഉടമ്പടി ആയി തീരും; അത് പിന്നെ നിങ്ങളെ ബാധിക്കുന്ന ഒന്നല്ല. അതുപോലെ, യേശു ന്യായപ്രമാണം നിറവേറ്റിയപ്പോൾ, അത് പിന്നീട് ദൈവമക്കളെ ബാധിക്കുന്നില്ല (ഗലാത്യർ 3:16, 19, 24, 25 നോക്കുക).

യേശു മലയിൽവെച്ചു പ്രസംഗിച്ച സമയത്ത്, എങ്ങനെയായാലും, ന്യായപ്രമാണം അപ്പോഴും ശക്തമായിരുന്നു. അത് അങ്ങനെ ആയിരിക്കുന്ന കാലം വരെ, അതിലെ നിയമാവലികൾ ആദരിക്കേണ്ടതാണെന്ന് ക്രിസ്തു അവരെ പഠിപ്പിച്ചു (മത്തായി 5:19, 20). അവന്റെ എതിർപ്പ് ന്യായപ്രമാണത്തോടായിരുന്നില്ല, എന്നാൽ ന്യായപ്രമാണത്തെ യെഹൂദന്മാർ ദുർവ്യാഖ്യാനം ചെയ്യുന്നതിനോടായിരുന്നു.

തുടർന്നുവരുന്ന വാക്യങ്ങളിൽ, കൽപനകൾ പാലിക്കുവാൻ ആവശ്യമായ ഹൃദയത്തിന്റെ മനോഭാവത്തെ ഉൾപ്പെടുത്തുവാൻ യേശു ന്യായപ്രമാണത്തിലെ പല കൽപനകളും വിപുലീകരിച്ചു പഠിപ്പിക്കുകയുണ്ടായി. പരീശന്മാരും ശാസ്ത്രിമാരും ആളുകളെ പഠിപ്പിച്ചിരുന്ന രീതിയെ താൻ പഠിപ്പിക്കുന്ന രീതിയുമായി താരതമ്യപ്പെടുത്തിയും യേശു തന്റെ പാതയെ വ്യക്തമാക്കുന്നു.

**കോപവും - കുലയും (മത്താ. 5:21-26)**

പത്തു കൽപനകളിൽ, ആറാമത്തെ കൽപന പറയുന്നു, "നിങ്ങൾ കുല ചെയ്യരുത്" (പുറപ്പാട് 20:13; ആവർത്തനപുസ്തകം 5:17). പുതിയ നിയമത്തോട് ഈ അടിസ്ഥാനപരമായ ആവശ്യകതയെയും അവൻ യോജിപ്പിച്ചു (റോമർ 13:9), എന്നാൽ കുലയ്ക്ക് *പ്രേരണ* നൽകുന്നതിനെതിരായും കുലയിൽ എത്തിക്കുന്ന സാഹചര്യത്തിനെതിരായും ഒരു മുന്നറിയിപ്പു നൽകുന്നതിനെ ഉൾപ്പെടുത്തുവാൻ ആരംഭ കൽപനയെ യേശു വിപുലീകരിച്ചു (മത്തായി 5:22). മറ്റുള്ളവരുമായി ശക്തമായ വിയോജിപ്പുള്ളവരോടു അവരുടെ അഭിപ്രായവ്യത്യാസങ്ങൾ – ഉടനെ പരിഹരിക്കുവാൻ അവൻ അപേക്ഷിച്ചു (വാ. 23–26).

**മോഹവും - വ്യഭിചാരവും (മത്താ. 5:27-30)**

പത്ത് കൽപനകളിൽ[12] ഏഴാമത്തേതു പ്രഖ്യാപിക്കുന്നു, "നീ വ്യഭിചാരം ചെയ്യരുത്" (പുറപ്പാട് 20:14; ആവർത്തനപുസ്തകം 5:18). ഈ ചട്ടം യേശു ക്രിസ്തുവിന്റെ പുതിയനിയമത്തിന്റെ ഭാഗമായുള്ളതുമാണ് (റോമർ 13:9), എന്നാൽ അതിനെ പുറപ്പെടുവിക്കുന്നതു ഉൾപ്പെടുത്തുവാൻ യേശു വീണ്ടും ആ ചട്ടത്തെ വിപുലീകരിച്ചു: ഇക്കാര്യത്തിൽ, മോഹം ഉൾപ്പെടുന്നു (മത്തായി 5:28). വിലക്കപ്പെട്ട ആഗ്രഹങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്തും "ഛേദിച്ചു ... കളവാൻ" അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു (വാ. 29, 30).[13]

**ഉപേക്ഷണവും - കാരണവും (മത്താ. 5:31, 32)**

വ്യഭിചാരത്തെ കുറിച്ച് യേശുവിന് കൂടുതൽ പറയുവാൻ ഉണ്ടായിരുന്നു, അതു ഉപേക്ഷണത്തെ[14] കുറിച്ചുള്ള വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവൻ ആവർത്തനപുസ്തകം 24:1–4 ൽ നിന്ന്, "ഉപേക്ഷണപത്രം" കൊടുക്കുന്നതു സംബന്ധിച്ചുള്ള ഒരു കൽപന ഉദ്ധരിച്ചിട്ടുണ്ട് – ആ കൽപന പുതിയ നിയമത്തിലേക്ക് അവൻ കൊണ്ടുവന്നിട്ട*ില്ല*. ചില ശാസ്ത്രിമാർ ആവർത്തനപുസ്തകം 24:1–4 വ്യാഖ്യാനിച്ചിട്ടുള്ളത് "എന്തുകാരണത്താലും" ഭാര്യയെ ഉപേക്ഷിക്കാം എന്നത് ന്യായീകരിക്കുവാനാണ് (മത്തായി 19:3), എന്നാൽ വിവാഹം കഴിഞ്ഞ് ദമ്പതിമാരിൽ ഒരാൾ മറ്റൊരാളോട് ലൈംഗിക അവിശ്വസ്തത[15] കാണിച്ചാൽ മാത്രമേ വിവാഹമോചനം വചനപ്രകാരമാകൂ എന്നാണ് യേശു പറഞ്ഞത് (വാ. 32).[16]

**ആണയും - ആത്മാർത്ഥതയും (മത്താ. 5:33-37)**

വിചാരപ്പെടുത്തുന്ന അടുത്ത വ്യത്യാസം ഗൗരവകരമായി ആണയിടുന്നതിനെ കുറിച്ചാണ്. വാക്യം 33–ൽ യേശു പറയുന്നത് യെഹൂദ പണ്ഡിതന്മാർ ലേവ്യാപുസ്തകം 19:12; സംഖ്യാപുസ്തകം 30:2; ആവർത്തനപുസ്തകം 23:21, 23 എന്നീ വേദഭാഗങ്ങളെ എങ്ങനെ ചുരുക്കിയിരിക്കുന്നു എന്നതാണ്. യെഹൂദന്മാർ ചില ആണ സ്വീകരിക്കുകയും മറ്റു ചിലത് തള്ളികളയുകയും ചെയ്തിരിക്കുന്നു, എന്നാൽ യേശു പറഞ്ഞു, "നിങ്ങൾ ആണ ഇടരുത്" (മത്തായി 5:34; യാക്കോബ് 5:12[17] നോക്കുക). ക്രിസ്തുവിന്റെ ശിഷ്യന്മാർ ആണയിടേണ്ട ആവശ്യമില്ല കാരണം അവരുടെ വാക്കുകൾ എപ്പോഴും സത്യമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതുതന്നെ ആയിരുന്നു.

**ചെറുക്കാതിരിക്കലും - തിരിച്ചടിയും**
**(മത്താ. 5:38-42; ലൂക്കൊ. 6:29, 30, 34)**

അതുവരെ യേശു പറഞ്ഞത് അവന്റെ കേൾവിക്കാർ ശരിയായി കേട്ടിരുന്നുവെങ്കിൽ അവരെ അതിശയിപ്പിച്ചുകാണും. അങ്ങനെയെങ്കിൽ, അവന്റെ അവസാന രണ്ടു വ്യത്യാസങ്ങൾ അവരെ ഞെട്ടിപ്പിച്ചുകാണും.

അടുത്ത വ്യത്യാസം "കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല്" എന്ന തത്വവുമായി ബന്ധപ്പെട്ടതായിരുന്നു (മത്തായി 5:38), അത് പുറപ്പാട് 21:24–ലും, ലേവ്യാപുസ്തകം 24:20–ലും, ആവർത്തനപുസ്തകം 19:21–ലും കാണാം. ആ പഴയനിയമ നിർദേശം പ്രാഥമികമായും ഔദ്യോഗിക ന്യായവിധി നടത്തുന്നവർക്കുള്ളതായിരുന്നു; ശിക്ഷ കൊടുക്കുന്നത് പരിമിതപ്പെടുത്തുക എന്നതായിരുന്നു അതിന്റെ ഒരു ഉദ്ദേശം. നിർഭാഗ്യവശാൽ, യെഹൂദന്മാർ ആ ഉപദേശത്തെ തങ്ങളുടെ വ്യക്തിപരമായ പ്രതികാരത്തിന്[18] ന്യായീകരണമാക്കി തീർത്തു.

വ്യക്തിപരമായി പ്രതികാരം കൊടുക്കുന്നതും തിരിച്ചടിയും തെറ്റാണ് എന്ന് യേശു പഠിപ്പിച്ചു. തന്റെ ശിഷ്യന്മാരോടു യേശു കൽപിച്ചത് മറ്റുള്ളവരുമായി "രണ്ടുമൈൽ നടക്കുക" (മത്തായി 5:41 നോക്കുക), അതു മറ്റുള്ളവരുമായി പൊരുത്തപ്പെട്ടു പോകുന്നതിലും, മോശമായ പെരുമാറ്റമെന്ന കഷ്ടത സഹിക്കേണ്ടിവന്നാൽ പോലും അതിനു തയ്യാറാകുന്നതിലുമാണ് (മത്തായി 5:39–42;[19] 1 കൊരിന്ത്യർ 6:7 നോക്കുക).

**ശത്രുക്കളും - സ്നേഹവും (മത്താ. 5:43-48;**
**ലൂക്കൊ. 6:27, 28, 33, 34, 36)**

അടുത്തത്, ശത്രുക്കളോടുള്ള പെരുമാറ്റത്തെ കുറിച്ച് യേശു പറഞ്ഞു. ഈ വ്യത്യാസവും കഴിഞ്ഞ[20] വ്യത്യാസവും തമ്മിൽ അടുത്ത ബന്ധമാണ് ഉള്ളത്.

ന്യായപ്രമാണം കൽപിച്ചിരിക്കുന്നത്, "നിന്റെ അയൽക്കാരനെ സ്നേഹിക്കുക" (ലേവ്യാപുസ്തകം 19:18). യെഹൂദ ഉപദേഷ്ടാക്കന്മാർ പഠിപ്പിച്ചത് ഒരാൾ തന്റെ "അയൽക്കാരനെ" സ്നേഹിക്കുന്നിടത്തോളം, ശത്രുവിനെ പകച്ചാലും കുഴപ്പമില്ല എന്നായിരുന്നു (മത്തായി 5:43) – അത് പഴയനിയമത്തിൽ[21] *കാണാത്ത* ഒരു കൽപനയാണ്.

ഒരാൾ അയൽക്കാരനെ സ്നേഹിക്കുന്ന തത്വത്തെ യേശു ആത്മാർത്ഥമായി പിൻതാങ്ങി അതിനെ അവന്റെ പുതിയനിയമത്തിന്റെ ഒരു ഭാഗമായി ചേർത്തു (മത്തായി 22:39; റോമർ 13:8–10; ഗലാത്യർ 5:14; യാക്കൊബ് 2:8). എങ്ങനെയായാലും, ശത്രുക്കളെ പകെക്കുന്ന രീതിയെ അവൻ കോപത്തോടെ എതിർത്തു. അവന്റെ ശിഷ്യന്മാർ ശത്രുക്കളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിപ്പാനും, ദൈവം ആഗ്രഹിക്കുന്നതുപോലെ, എല്ലാവരുടേയും നന്മ ആഗ്രഹിക്കുകയും വേണമെന്ന് അവൻ പഠിപ്പിച്ചു (മത്തായി 5:44–48).[22]

## "എന്നാൽ നിങ്ങൾ ..."
## (മത്താ. 6:1-18)

കഴിഞ്ഞ ഭാഗത്ത്, തന്റെ ശ്രോതാക്കളോട് യേശു ആവശ്യപ്പെട്ടത് അവരുടെ നീതി "പരീശന്മാരുടെയും ശാസ്ത്രിമാരുടേയും നീതിയെക്കാൾ" കവിയണം എന്നാണ് (മത്തായി 5:20). പരീശന്മാരുടെയും ശാസ്ത്രിമാരുടേയും ഒരു കുറവ് അവരിൽ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരുടെ മാനത്തെ പ്രതീക്ഷിച്ചുകൊണ്ടുള്ള ഭക്തിപ്രവർത്തികളായിരുന്നു ഉണ്ടായിരുന്നത് എന്നാണ്. അതുകൊണ്ടു ദൈവത്തെ അനുസരിക്കുന്നതിലുള്ള ശരിയായ ഉദ്ദേശത്തിന്റെ പ്രാധാന്യത്തെ യേശു ഊന്നി പറഞ്ഞു: "മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതിയെ[23] അവരുടെ മുൻപിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല" (6:1). താൻ അർത്ഥമാക്കിയതിനെ സംബന്ധിച്ച് യേശു പിന്നീടു മൂന്നു ചിത്രീകരണങ്ങൾ നൽകി.

**ഭിക്ഷ-കൊടുക്കൽ (വാ. 2-4)**

ആദ്യം യേശു യെഹൂദന്മാരുടെ ഭിക്ഷ നൽകുന്ന രീതിയെ കുറിച്ചു പറഞ്ഞു. ഗ്രീക്ക് വാക്കു തർജ്ജിമ ചെയ്ത "ഭിക്ഷ" എന്നതിന്റെ അടിസ്ഥാന അർത്ഥം "ഒരു കാരുണ്യ പ്രവൃത്തി" എന്നാണ്. ഇംഗ്ലീഷ് വാക്കായ "ആമ്സ്" സൂചിപ്പിക്കുന്നത് ദരിദ്രരെ സഹായിക്കുന്ന ഔദാര്യ പ്രവർത്തിയെയാണ്. പഴയനിയമം പഠിപ്പിച്ചിരുന്നത് ദരിദ്രർക്ക് ഭിക്ഷ കൊടുക്കുന്നത് ഒരു വിശുദ്ധ കടമ ആയിട്ടായിരുന്നു (ആവർത്തനപുസ്തകം 15:11), എന്നാൽ ചില യെഹൂദന്മാർ അവരുടെ നൽകൽ പുറത്തറിയിക്കുവാൻ ആഗ്രഹിച്ചു (മത്തായി 6:2). എന്നാൽ നൽകുന്നത് മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കാതെ, രഹസ്യത്തിൽ ചെയ്യുവാനാണ് യേശു തന്റെ ശിഷ്യന്മാരോടു ആവശ്യപ്പെട്ടത്

(വാ. 3, 4).

ചിലർ “വലതുകയ്യും” “ഇടതുകയ്യും” എന്നതിനെ കുറിച്ചുള്ള യേശു ക്രിസ്തുവിന്റെ ഉപദേശത്തെയും (വാ. 3), അതോടൊപ്പം “രഹസ്യം” എന്ന വാക്കിനെയും (വാ. 4) എടുത്തുപയോഗിക്കാറുണ്ട്, അവർ അതുപയോഗി ക്കുന്നത് ക്രിസ്ത്യാനികൾ അവർ കൊടുക്കുന്നതു ആരും അറിയരുത് എന്നു ഉറപ്പുവരുത്തണം എന്നർത്ഥമാക്കുവാനാണ്. വേദഭാഗത്തിന്റെ ഈ കാഴ്ച്ച പ്പാട് നമ്മുടെ നല്ല പ്രവൃത്തികൾ മറ്റുള്ളവർ *കാണേണ്ടതിനു* “നമ്മുടെ വെളി ച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ” (മത്തായി 5:16 നോക്കുക)[24] എന്നതിനെ കുറിച്ചുള്ള യേശുവിന്റെ കഴിഞ്ഞ ഉപദേശത്തിന് വിരുദ്ധമായി തോന്നാം. ജെ. ഡബ്ളിയു. മെക്ഗാർവേ എഴുതിയത് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു, “ആ കൽപന പരസ്യപ്പെടുത്തൽ വിലക്കുന്നില്ല, എന്നാൽ പരസ്യപ്പെടുത്തൽ *ആഗ്രഹിക്കുന്ന* ആ മനോഭാവത്തെയാണ്.”[25]

**പ്രാർത്ഥിക്കൽ (വാ. 7-15)**

യേശുവിന്റെ രണ്ടാമത്തെ ചിത്രീകരണം പ്രാർത്ഥനയെ കുറിച്ചായിരു ന്നു. കാപട്യക്കാർ അവരുടെ പ്രാർത്ഥനയെ പരസ്യമായ കാഴ്ച്ചയാക്കുന്ന തിനെ അവൻ ഖണ്ഡിച്ചു, രഹസ്യമായും വ്യക്തിപരമായും പ്രാർത്ഥിച്ചു ശീലിക്കുവാൻ, അവൻ തന്റെ ശിഷ്യന്മാരോടു ആവശ്യപ്പെട്ടു (6:5, 6).

യേശു പ്രാർത്ഥന എന്ന വിഷയത്തെ കുറിച്ചു സംസാരിച്ചപ്പോൾ, അവൻ മറ്റു ആചരിക്കലും കൂട്ടിച്ചേർക്കുകയുണ്ടായി: അവൻ “അർത്ഥശൂ ന്യമായ ആവർത്തനത്തെ” ഖണ്ഡിച്ചു (വാ. 7), തന്റെ സദസ്യരുമായി അവൻ ഒരു മാതൃകാപ്രാർത്ഥന പങ്കുവെച്ചു (വാ. 9–13).[26] ആ മാതൃകാ പ്രാർത്ഥനയിൽ ക്ഷമിക്കുന്നതിനെ കുറിച്ച് ഒരു വരി ഉൾപ്പെടുത്തിയിരിക്കു ന്നു, അതു മറ്റുള്ളവരോട് ക്ഷമിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചു ചിന്തയെ-ഉണർത്തുന്ന വാക്കുകൾ സംസാരിക്കുവാൻ ക്രിസ്തുവിനെ പ്രേരിപ്പിച്ചു (വാ. 14, 15).

**ഉപവാസം (വാ. 16-18)**

മൂന്നാമത്തെ ചിത്രീകരണം ഉപവാസത്തെ കുറിച്ചായിരുന്നു. പഴയ നിയ മത്തിൽ ഉപവാസത്തെ കുറിച്ച് ഒരു പ്രത്യേകമായ കൽപന ഇല്ലായിരുന്നു, എന്നാൽ ന്യായപ്രമാണത്തിൽ യെഹൂദന്മാരോടു പ്രതിഷ്ഠാദിനത്തിൽ അവരെ തന്നെ “താഴ്ത്തുവാൻ” പറഞ്ഞിരുന്നു (ലേവ്യാപുസ്തകം 16:29, 31), ഒരു തരത്തിൽ ഉപവാസത്താൽ ആയിരുന്നു അങ്ങനെ ചെയ്തത് (സങ്കീർത്തനം 35:13). പിന്നീട്, ദേശീയ വിപത്തുകളുടെ ഓർമ്മക്കായി ഉപ വാസം നടത്തിയിരുന്നു (സെഖര്യാവു 8:19). യേശുവിന്റെ കാലത്ത്, പരീശ ന്മാർ ആഴ്ച്ചയിൽ രണ്ടുവട്ടം ഉപവസിച്ചിരുന്നു (ലൂക്കൊസ് 18:12). ആ ദിവ സങ്ങളിൽ, അവർ തങ്ങളെത്തന്നെ “കഷ്ടപ്പെടുത്തി” എന്ന് എല്ലാവർക്കും അറിയാമായിരുന്നു. യഥാർത്ഥത്തിൽ, യേശു അവന്റെ സദസ്യരോട്, “നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, അത് നിങ്ങൾക്കാണെന്നുള്ളത് ഉറപ്പുവരുത്തുക” (വാ. 16–18).

**ഉപസംഹാരം**

ഗിരിപ്രഭാഷണം ഇന്നും ഒരു വെല്ലുവിളിയാണ്, എന്നാൽ ആ ഉപദേ

ശത്തെ അടുത്തറിയാവുന്നവർക്ക് ആദ്യം ആ വാക്കു കേട്ടവർ അതെങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നത് എന്നതു ഊഹിക്കുവാൻ കഴിയുകയില്ല. ആ പദം എങ്ങനെ നിർവചിച്ചാലും, പ്രസംഗം വിപ്ളവാത്മകമായിരുന്നു. യേശുവിന്റെ കേൾവിക്കാർ യേശുവിൽ നിന്നും കേട്ടതിൽ എല്ലാം, അല്ലെങ്കിൽ, അതിൽ മിക്കതും അവർ ഇതുവരെ കേട്ടതിൽനിന്നും വ്യത്യസ്തമായ ഉപദേശമായിരുന്നു. *ഇന്നും* ലോകത്തിന്റെ പ്രിയപ്പെട്ട ആശയങ്ങൾക്ക് വിരുദ്ധമാണ് യേശുക്രിസ്തുവിന്റെ ഉപദേശം.

നമ്മുടെ അടുത്ത പാഠത്തിൽ, ആ പ്രസംഗത്തെ കുറിച്ചു മനസ്സിലാക്കിയതിന്റെ ചുരുക്കം പറയാം – എന്നാൽ അതുവരെ അതിലെ സത്യം നിങ്ങളുടെ ജീവിതത്തിൽ പകർത്തുവാൻ താമസിക്കരുത്. ആ ഉപദേശങ്ങൾ പ്രത്യേകമായി അക്കാലത്തെ യേശുക്രിസ്തുവിന്റെ ശിഷ്യന്മാർക്കുള്ളതായിരുന്നു (മത്തായി 5:1, 2) – അവ അന്ന് കൂടിവന്നിരുന്ന പുരുഷാരത്തിനുള്ളതുമായിരുന്നു (മത്തായി 7:28) – എന്നാൽ അവ നമുക്ക് ഓരോരുത്തർക്കുമായി സൂക്ഷിച്ചിരിക്കുകയാണ്. ക്രിസ്തു പറഞ്ഞു, "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ *ഒക്കെയും*, മണിലന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു" (മത്തായി 7:24; എംഫസിസ് മൈൻ). നമ്മുടെ പഠനത്തിലുടനീളം, നിങ്ങൾ അവന്റെ വാക്കുകൾ "കേട്ടുകൊണ്ടിരിക്കുന്നു." നിങ്ങൾ അവ അനുസരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങിയിട്ടുണ്ടോ?

---

കുറിപ്പുകൾ

[1]ഓരോ എഴുത്തുകാരനും ദൈവശ്വാസീയമായ ഉദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രസംഗഭാഗം എഴുതിയിട്ടുള്ളത്. പ്രസംഗത്തെ കുറിച്ചു മത്തായിയുടെ വിവരണത്തിലുള്ള ഏഴു വാക്യങ്ങൾ ലൂക്കൊസിന്റെ പുസ്തകത്തിൽ മറ്റു ഭാഗത്തു കാണാം. [2]ഒരു പ്രസംഗത്തിന്റെ ഇടയിൽ മിക്ക ഉപദേഷ്ടാക്കന്മാരും ഉപയോഗിക്കുന്ന വാക്കുകൾ അൽപ വ്യത്യാസത്തിൽ ആവർത്തിക്കാറുണ്ട്, അത് പ്രാധാന്യം നൽകുന്ന ഉദ്ദേശത്തോടെയാണ്. എന്നാൽ മത്തായിയും ലൂക്കൊസും അതിൽനിന്ന് വ്യത്യസ്തരാണ്, യേശു ഒരിക്കൽ പറഞ്ഞ പോയിന്റായിരിക്കാം മത്തായിയുടെ വിവരണത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ലൂക്കൊസ് വിവരിക്കുന്ന അതേ പോയിന്റ് യേശു മറ്റൊരു സമയത്തു (അതേ പ്രസംഗത്തിൽ) പറഞ്ഞപ്പോഴുള്ളതാകാം. [3]മുൻപു പറഞ്ഞതുപോലെ, ലൂക്കൊസിന്റെ വിവരണത്തിൽ കാണാത്ത ചില വാക്യങ്ങൾ മത്തായിയുടേതിൽ കാണാം. കൂടാതെ മത്തായിയുടെ വിവരണത്തിൽ ഇല്ലാത്ത ഏഴ് വാക്യങ്ങളെ കുറിച്ചുള്ള വിവരണം ലൂക്കൊസിൽ ഉണ്ട് എന്നതും ശ്രദ്ധിക്കേണ്ടതാണ്. [4]അനുബന്ധഭാഗത്ത് കാണുന്ന ഗലീലാ കടലിന്റെ ഭൂപടം നോക്കുക. [5]ഈ പാഠത്തിന്റെ ആരംഭത്തിൽ കൊടുത്ത വായനാഭാഗവും, ഈ പുസ്തകത്തിൽ തന്നെ പിന്നീടുവരുന്ന "രണ്ടു രീതികൾ," എന്ന പാഠവും നോക്കുക. [6]പ്രസംഗം തീർത്തശേഷം, രണ്ടുവിവരണങ്ങളിലും, യേശു കഫർന്നഹൂമിലെ ഒരു ശതാധിപന്റെ ഭൃത്യനെ സൗഖ്യമാക്കി (മത്തായി 8:5–13; ലൂക്കൊസ് 7:1–10). [7]മത്തായി 5:1; 8:1, 5 ലൂക്കൊസ് 6:17, 20; 7:1 നോടു താരതമ്യം ചെയ്യുക. [8]നിങ്ങളുടെ വ്യക്തിപരമായ പഠനത്തിൽ, ഈ പ്രസംഗത്തിന്റെ രണ്ടു വിവരണങ്ങളും നിങ്ങൾക്കു ശ്രദ്ധയോടെ താരതമ്യം ചെയ്യാം: എങ്ങനെയാണ് അവ ഒരുപോലെ ആകുന്നത്? എങ്ങനെയാണ് അവ വ്യത്യസ്തമാകുന്നത്? പ്രത്യേകിച്ച് ലൂക്കൊസിൽ ഉള്ളതും മത്തായിയിൽ ഇല്ലാത്തതുമായ വിവരണങ്ങളുടെ കുറച്ചു ഉദാഹരണങ്ങൾ രേഖപ്പെടുത്തുക. [9]മനോഗുണങ്ങളെ കുറിച്ച് മത്തായി വിവരിക്കുന്നതും ലൂക്കൊസ് വിവരിക്കുന്നതും താരതമ്യപ്പെടുത്തി നോക്കിയാൽ

ലൂക്കൊസ് വിവരിക്കുന്ന "ധനവാനും" "ദരിദ്രനും" എന്നത് സാമ്പത്തിക സ്ഥിതിയല്ല, മറിച്ച് ആത്മീകമായ സ്ഥിതിയാണ് സൂചിപ്പിക്കുന്നത് എന്നു കാണാം. [10]മത്തായി 5:13–16 ന്റെ വിശദമായ പഠനത്തിന്, ഈ പുസ്തകത്തിൽ പിന്നീടു വരുന്ന അടുത്ത രണ്ടു പ്രസംഗങ്ങളായ, "നിങ്ങൾ വിചാരിക്കുന്നതിനെക്കാൾ കൂടുതൽ വില നിങ്ങൾക്കുണ്ട്," എന്നതും "നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ" എന്നതും, നോക്കുക.

[11]വിൽ എഡ് വാരെൻ, ക്ലാസ് സിലബസ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്: ദ സിനോപ്റ്റിക് ഗോസ്പെൽസ്,* ഹാർഡിങ് യൂണിവേഴ്സിറ്റി, 1991, 26. [12]"ഡെക്കാലോഗ്" എന്നതു രണ്ടു ഗ്രീക്ക് വാക്കുകളിൽ നിന്നു വന്നതാണ്: *ഡെക്കാ* ("ടെൻ") എന്നതും *ലോഗോസ്* ("വാക്ക്") എന്നതും. അതുകൊണ്ട് "പത്തുവാക്കുകൾ" എന്ന് അത് അർത്ഥമാക്കുകയും പത്തു കൽപനകളെ സൂചിപ്പിക്കുവാനും അതുപയോഗിക്കുന്നു. [13]മത്തായി 5:29, 30–ൽ യേശു ശാരീരിക ദണ്ഡനമല്ല പ്രോത്സാഹിപ്പിച്ചത്; അത്തരം പ്രവർത്തി ദൈവമന്ദിരത്തെ നശിപ്പിക്കൽ എന്നതാണ് അത് ബൈബിൾ ഉപദേശത്തിന് എതിരുമാണ് (1 കൊരിന്ത്യർ 6:19; 3:17). ശരീര ഭാഗങ്ങളെ ദണ്ഡിപ്പിക്കുന്നത് ഹൃദയത്തിന്റെ അവസ്ഥയെ മാറ്റുന്നില്ല (മത്തായി 15:19). തന്റെ പോയിന്റു വ്യക്തമാക്കുവാൻ യേശു അതിശയോക്തി (അത്യുക്തി കലർത്തുക) ഉപയോഗിക്കുകയായിരുന്നു. [14]മത്തായി 5:31, 32 (ഒരുപക്ഷെ ഉൾപ്പെടുത്തണം) കഴിഞ്ഞ മൂന്നു വാക്യങ്ങളോട് ഉൾപ്പെടുത്താം. ആ വാക്യങ്ങളെ ഞാൻ വേറിട്ടു നിർത്തിയിരിക്കുന്നതിന്റെ കാരണം വാക്യം 32–ൽ പ്രയോഗിച്ചിരിക്കുന്നത് "എന്നാൽ ഞാനോ നിങ്ങളോടു പറയുന്നു" എന്നാണ്. [15]എൻഎഎസ്ബിയിൽ "അൺചാസ്റ്റിറ്റി" എന്നാണ്, പക്ഷെ ഗ്രീക്കുവേദ പുസ്തകത്തിൽ ഉള്ളത് "ഫോർണിക്കേഷൻ" എന്നതിനുള്ള വാക്കാണ് (കെജെവി നോക്കുക). [16]ആ വിഷയത്തെ മത്തായി 19:3–9 ൽ വിപുലീകരിച്ചിരിക്കുന്നു, അതിനെ സംബന്ധിച്ച് പിന്നീടുള്ള ലക്കത്തിൽ കാണാം. [17]ഇത് പൊതുവായ പ്രതിജ്ഞകളെ വിലക്കുന്നില്ല. ന്യായാധിപസഭയിൽ വിചാരണ ചെയ്യുമ്പോൾ, യേശു പ്രതിജ്ഞയോടെയാണ് ഉത്തരം നൽകിയത് (മത്തായി 26:63, 64). [18]നിർഭാഗ്യവശാൽ, ചില വ്യക്തികൾ ആ പഴയനിയമ ഭാഗമെടുത്തുകൊണ്ട് ഇപ്പോഴും വ്യക്തിപരമായ പ്രതികാരത്തെ ന്യായീകരിക്കുന്നുണ്ട്. [19]വാക്യം 39 മുതൽ 42 വരെയുള്ള ഗിരിപ്രഭാഷണ ഭാഗങ്ങൾ ഏറ്റവുമധികം വെല്ലുവിളി ഉയർത്തുന്നതിൽ ഉൾപ്പെടുന്നതാണ്. അതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ചിത്രീകരിക്കുന്നതാണ് യേശുവിനു തന്റെ ജീവിതത്തിൽ നേരിടേണ്ടി വന്ന വിചാരണ. തീർച്ചയായും, ചില യോഗ്യതകൾ ആവശ്യമുണ്ട്: തിന്മയെ പൂർണ്ണമായും എതിർക്കാതിരിക്കൽ തെറ്റിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. എങ്ങനെയായാലും, വേദഭാഗത്തെ വിശേഷിപ്പിച്ചു അതിലെ ഉപദേശത്തിന്റെ അടിസ്ഥാനപരമായ സ്വഭാവത്തെ ലഘൂകരിക്കാതിരിക്കുവാൻ, ശ്രദ്ധിക്കുക. [20]ലൂക്കൊസിന്റെ വിവരണം ആ രണ്ടു ഭാഗങ്ങളെയും യോജിപ്പിക്കുന്നു (ലൂക്കൊസ് 6:27–30, 32–36).

[21]ദൈവജനത്തിനെതിരായി പ്രവർത്തിച്ച യിസ്രായേലിന്റെ ശത്രുക്കളെ പഴയനിയമത്തിൽ ശിക്ഷിക്കുന്നുണ്ട് (ഉദാഹരണത്തിന്, ആവർത്തനപുസ്തകം 23:3–6 നോക്കുക), എന്നാൽ യെഹൂദന്മാർ അവരുടെ ശത്രുക്കളെ പകെക്കണമെന്നു അതു പഠിപ്പിച്ചിട്ടില്ല. അവർ "പകെക്കേണ്ടത് ദുഷ്ടതയെ" യാണ് (സങ്കീർത്തനങ്ങൾ 97:10; സദൃശവാക്യങ്ങൾ 8:13), അല്ലാതെ ആളുകളെ അല്ല. [22]ദൈവത്തെ പോലെ "തികവുള്ളവരാകുവാൻ" ഉള്ള വെല്ലുവിളി "പൂർണ്ണതയുള്ളതാണ്" (മത്തായി 5:48) എന്നത് പലരേയും ചിന്തിപ്പിക്കുന്നത്, പാപമില്ലാത്ത അവസ്ഥ എന്ന അർത്ഥത്തിൽ നമുക്കാർക്കും പൂർണ്ണരാകുവാൻ കഴിയുകയില്ല എന്നതുകൊണ്ടാണ് (റോമർ 3:23). ലൂക്കൊസിന്റെ വിവരണത്തിൽ നമ്മോടു പറയുന്നത് ദൈവം "കരുണയുള്ളവൻ" ആകുന്നതുപോലെ നിങ്ങളും "കരുണയുള്ളവർ" ആകുവിൻ എന്നാണ് (ലൂക്കൊസ് 6:36). *കരുണ കാണിക്കുന്ന* കാര്യത്തിൽ ഉപദേശം എന്തെന്നാൽ ദൈവം പൂർണ്ണനാകുന്നതുപോലെ നാം "പൂർണ്ണരാകുവിൻ" എന്നാണ് –

*കാരണം* നാം നീതിയുള്ളവരോടും നീതികെട്ടവരോടും കരുണ കാണിക്കുന്നു (5:45). [23]കെജെവിയിലെ മത്തായി 6:1–ൽ "ഭിക്ഷ ... കൊടുപ്പിൻ" എന്നാണുള്ളത്, പക്ഷെ നല്ല കയ്യെഴുത്തു പ്രതിയിൽ "നീതി ... ചെയ്യുക" എന്നാണുള്ളത്. വാക്യം 1 നൽകുന്നത് പൊതുവായ പ്രബോധനമാണ്; പിന്നെ അതിനെ തുടർന്നുള്ള വാക്യങ്ങൾ ആ പ്രബോധനത്തെ ചിത്രീകരിക്കുന്നു. [24]കാണുന്നതുചെയ്‌വിൻ എന്നു പറയുന്നതും (മത്തായി 5:16) കാണേ*ണ്ടതിനു* ചെയ്യുവിൻ എന്നു പറയുന്നതും വ്യത്യാസമുണ്ട് (നോക്കുക 6:2, 5, 16). [25]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 251. (എംഫസിസ് ഹിസ്.) [26]ആ പ്രാർത്ഥനയെ "കർത്താവിന്റെ പ്രാർത്ഥന" എന്നു വിളിച്ചിട്ടുണ്ട് എങ്കിലും, നമുക്കറിയാവുന്നിടത്തോളം, യേശു ഒരിക്കലും ആ പ്രാർത്ഥന നടത്തിയിരുന്നില്ല. ആ പ്രാർത്ഥനയെ വിളിക്കാവുന്ന നല്ല രീതി "മാതൃകാ പ്രാർത്ഥന" എന്നാണ്. അതിനെ "ശിഷ്യന്മാരുടെ പ്രാർത്ഥന" എന്നും വിളിച്ചിട്ടുണ്ട്. ആ പ്രാർത്ഥനയിലെ അധികം ഭാഗവും മറ്റൊരവസരത്തിൽ ആവർത്തിച്ചിട്ടുണ്ട് (ലൂക്കൊസ് 11:2–4). രണ്ടു സന്ദർഭത്തിലും പരസ്യാരാധനയിൽ സ്ഥിരമായി ആവർത്തിക്കപ്പെടേണ്ടപ്രാർത്ഥനയായി യേശു അതു നൽകി. അത് ആവർത്തിച്ചു പ്രാർത്ഥിക്കുന്നത് യേശുവിന്റെ "വ്യർത്ഥമായി ജല്പിക്കരുത്" എന്നതിനെ സംബന്ധിച്ചുള്ള ഉപദേശത്തെ ലംഘിക്കുന്നതാണ് (മത്തായി 6:7). ആ പ്രാർത്ഥന ഏതെങ്കിലും ഒരു ഘട്ടത്തിൽ ഇന്ന് ഉപയോഗിക്കുകയാണെങ്കിൽ, അതിലെ ഒരു പ്രയോഗം മാറ്റേണ്ടതുണ്ട്. "നിന്റെ രാജ്യം വരേണമേ" (വാ. 10) എന്നു, നമുക്കു പ്രാർത്ഥിപ്പാൻ സാധ്യമല്ല, കാരണം രാജ്യം/സഭ വന്നുകഴിഞ്ഞു. (മർക്കൊസ് 9:1–ലെയും പ്രവൃത്തികൾ 1:8–ലെയും യേശുവിന്റെ വാഗ്ദാനവും പ്രവർത്തികൾ 2:1–4 ൽ അതു നിറവേറിയതും ശ്രദ്ധിക്കുക.)